(സി) എ.ആർ.വി. മരുന്നുകൾ ചെലവേറിയതായതുകൊണ്ട് സാധാരണക്കാരായ രോഗികൾക്ക് മരുന്നു ലഭ്യമാകുവാനും, മരുന്നുകളുടെ വിതരണം സുഗമമാക്കുവാനും വേണ്ടി ആരോഗ്യ വകുപ്പിന്റെ സി.പി.സി. (സെൻട്രൽ പർച്ചേസ് കമ്മിറ്റി)-യിൽ ചേർക്കാൻ നടപടി എടുത്തുവരുന്നു.

(ഡി) സി.പി.സി. നടപടിക്രമങ്ങൾക്കനുസരണമായി മാത്രമേ മരുന്നുകൾ വാങ്ങുകയും വിതരണം ചെയ്യുകയുമുള്ളൂ എന്നതിനാൽ മരുന്നുകമ്പനികൾക്ക് സഹായകമായ സാഹചര്യം സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നില്ല.

വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ശുപാർശകൾ

*13 [393] ശ്രീ. കെ. കെ. ജയചന്ദ്രൻ:

„ കെ. വി. കുഞ്ഞിരാമൻ:

„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെല്ലാം ശുപാർശകളാണ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) വൈദ്യുതി ബോർഡിൽ വി.ആർ.എസ്. നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) 2003-04-ൽ കമ്മീഷൻ അനുവദിച്ച പരിധിക്കപ്പുറം കടമെടുത്തത് സംബന്ധിച്ച് ബോർഡിനോട് വിശദീകരണം ചോദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് മറുപടി നൽകിയെന്ന് വ്യക്തമാക്കാമോ;

(ഇ) ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടാൻ കമ്മീഷന് അധികാരമുണ്ടോ; എങ്കിൽ ഏത് അധികാരം ഉപയോഗിച്ചാണ് ഇപ്രകാരം ചെയ്യുന്നതെന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) 2004-05 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ വൈദ്യുതി ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള 200 കോടി രൂപയ്ക്ക് ഇളവ് അനുവദിയ്ക്കുവാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡിയിനത്തിൽ 96 കോടി രൂപ വൈദ്യുതി ബോർഡിന് നൽകാൻ കഴിയുമോയെന്ന് ആരാഞ്ഞിട്ടുണ്ട്.

(ബി) ഇല്ല.

(സി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വൈദ്യുതി ബോർഡിനോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. ഇതിന് ബോർഡ് മറുപടി തയ്യാറാക്കി വരുന്നു.

(ഇ) ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടാൻ കമ്മീഷന് അധികാരമില്ല. കമ്മീഷൻ ഇടപെടാറുമില്ല.

പോലീസ് അക്കാഡമിയുടെ പ്രവർത്തനം

*14 [394] ശ്രീ. പി. നാരായണൻ:
„ കെ. പി. രാജേന്ദ്രൻ:
„ എൻ. രാജൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നവീകരണ പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂരിലെ പോലീസ് അക്കാഡമിയിൽ സേനാംഗങ്ങൾക്കു നൽകുന്ന പരിശീലന പരിപാടികൾക്ക് കേന്ദ്രത്തിൽനിന്നും പ്രത്യേക സഹായം ലഭിക്കുന്നുണ്ടോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും കഴിവും പ്രോത്സാഹിപ്പിക്കാനും കൂടുതൽ വളർത്തുന്നതിനും വിദേശ മാതൃകയിലുള്ള എന്തെങ്കിലും പരിശീലന പരിപാടികൾ അക്കാഡമിയിൽ നടത്തുന്നുണ്ടോ;

(ഡി) പോലീസ് സേനാംഗങ്ങളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) അക്കാഡമി പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഒഴിവുള്ള മുഴുവൻ തസ്തികളിലും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സംസ്ഥാന പോലീസ് അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മോഡണൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി വരുന്നു. ആധുനിക ട്രാൻസ്പോർട്ട് സ്ക്വാഡ് തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ, ആധുനിക പരിശീലന പരിപാടികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എം.പി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയ്നിംഗ് സിലബസ് ആധുനിക രീതിയിൽ പരിഷ്ക്കരിച്ച് 19-5-2004-ലെ ജി.ഒ. (എംഎസ്.) 192/04/ആഭ്യന്തരം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം യോഗ, കരാട്ടേ, നീന്തൽ, കംപ്യൂട്ടർ, ഡ്രൈവിംഗ് തുടങ്ങിയ പരിശീലനങ്ങളും പോലീസ് ഉദ്യോഗസ്ഥർ അനുവർത്തിക്കേണ്ട സ്വഭാവരീതികൾ, തെളിവ് നിയമങ്ങൾ എന്നിവയും സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ട്രാഫിക് സ്കൂൾ, മ്യൂസിക് സ്കൂൾ, ടെലികമ്മ്യൂണിക്കേഷൻ സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly